# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**2026-27 അധ്യയന വർഷം ഏകജാലകം മുഖേനയുള്ള പി.ജി. പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്**

2026-2027 അദ്ധ്യയന വർഷത്തെ ഏകജാലകം മുഖേനയുള്ള പി.ജി. (PGCAP) പ്രവേശനത്തിനോടനുബന്ധിച്ച് വിവിധ അഫിലിയേറ്റഡ് കോളേജുകളിലെ പ്രോഗ്രാം-റിസർവേഷൻ എന്നിവ തിരിച്ചുള്ള **സീറ്റ് വേക്കൻസി** അഡ്മിഷൻ വിഭാഗത്തിന്റെ വെബ്സൈറ്റിൽ (https://admission.uoc.ac.in) ലഭ്യമാണ്. പ്രവേശനം ആഗ്രഹിക്കുന്ന, ക്യാപ് രജിസ്ട്രേഷൻ പൂർത്തിയാക്കിയ വിദ്യാർത്ഥികൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ഒഴിവ് വിവരങ്ങൾ പരിശോധിച്ച്, **28.07.2026 മുതൽ 04.08.2026 നുള്ളിൽ** അതത് കോളേജ് / സെന്ററുകളിൽ **നേരിട്ടോ പ്രതിനിധി** വഴിയോ, ഡയറക്ടറേറ്റ് ഓഫ് അഡ്മിഷന്റെ വെബ്സൈറ്റിൽ ലഭ്യമായ കോളേജുകളുടെ ഇമെയിൽ വിലാസത്തിലേക്ക് **ഇമെയിൽ** ആയോ **റിപ്പോർട്ട്** ചെയ്യേണ്ടതാണ്. ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കോളേജ് / സെന്റർ തയ്യാറാക്കുന്ന **റാങ്ക് പട്ടിക 05.08.2026** ന കോളേജ് / സെന്റർ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. തുടർന്ന് വരുന്ന എല്ലാ സീറ്റ് ഒഴിവുകളിലേക്കുമുള്ള പ്രവേശനത്തിന് ഈ റാങ്ക് പട്ടികയാണ് അടിസ്ഥാനമാക്കുക.

ഇതുവരെ അപേക്ഷിക്കാത്തവർക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കപ്പെടാനായി ലെയ്റ്റ് ഫീയോടുകൂടി (**ജനറൽ: ₹ 870/-, എസ് /എസ് ടി : ₹570/-**) ഓൺലൈൻ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം ഇപ്പോൾ ലഭ്യമാണ്.

നിലവിൽ ക്യാപ് രജിസ്ട്രേഷൻ ഉള്ളവർക്ക് ലേറ്റ് രജിസ്ട്രേഷനിലൂടെ പുതിയ ക്യാപ് രജിസ്ട്രേഷൻ നടത്തേണ്ടതില്ല. മുൻപ് ഫീസൊടുക്കി ക്യാപ് രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് എഡിറ്റ് സൗകര്യം **(One Time Edit)** ഉണ്ടായിരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് : www.admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016 / 2407017 / 2660600

2026 - 27 അധ്യയന വർഷത്തെ ഏകജാലകം മുഖേനയുള്ള പി.ജി. പ്രവേശനത്തിനുള്ള അവസാന തിയതി **29.08.2026**

ക. യൂ. ക്യാംപസ്
24.07..2026

(ഒപ്പ്)
ഡയറക്ടർ